(സി) കേരളത്തിൽ ചില ആരോഗ്യസ്ഥാപനങ്ങൾ ഭീമമായ തുക ഫീസ് ഈടാക്കി ലിംഗനിർണ്ണയ പരിശോധനയും ഭ്രൂണഹത്യയും നടത്തിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇഷ്ട സന്താനങ്ങളെ തിരഞ്ഞെടുക്കാൻ അവസരമൊരുക്കുന്നതിനായി ചില ആരോഗ്യസ്ഥാപനങ്ങളുടെ വാണിജ്യപരമായ അവകാശങ്ങൾ വെബ്സൈറ്റിൽ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കേന്ദ്ര നിയമം അനുശാസിക്കുന്ന വിധത്തിലുള്ള അഡ്വൈസറി ബോർഡിന് ഇനായി രപം നൽകയിട്ടുണ്ടോ ;

(എഫ്) പ്രസ്തുത വിഷയം സംബന്ധിച്ച് സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്താൻ സംവിധാനമുണ്ടാകുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) അല്ല.

(ബി) പ്രി-നാറ്റൽ ഡയഗ്നോസ്റ്റിക് ടെക്നിക്സ് (റഗുലേഷൻ ആന്റ് പ്രിവൻഷൻ ഓഫ് മിസ്യൂസ്) ആക്ട് 1994 പ്രകാരം ഗർഭസ്ഥ ശിശുക്കളുടെ ലിംഗ നിർണ്ണയ പരിശോധനയും തുടർന്നുള്ള പെൺ ഭ്രൂണഹത്യയും കേരളത്തിൽ നിരോധിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) ഉണ്ട്. ഫലപ്രദമായി നടപ്പിലാക്കുന്നതിന് പതിനാലു ജില്ലകളിലും അഡ്വൈസറി കമ്മിറ്റിയും അവയുടെ പ്രവർത്തനം വിലയിരുത്തുന്നതിന് സ്റ്റേറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(എഫ്) അൾട്രാസൗണ്ട് സ്കാനിംഗ് മെഷീൻ ഉപയോഗിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ജില്ലാ തലങ്ങളിൽ അഡ്വൈസറി കമ്മിറ്റികളും സംസ്ഥാനതലത്തിൽ സ്റ്റേറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും ഇപ്പോൾ നിലവിലുണ്ട്.

ജുവനൈൽ ഹോമുകളുടെ പ്രവർത്തനം

19 (*667) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജുവനൈൽ ഹോമുകളുടെ പ്രവർത്തനം ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പല ജുവനൈൽ ഹോമുകളുടെയും പ്രവർത്തനം കാര്യക്ഷമമല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ജുവനൈൽ ഹോമുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഇവിടെ പാർപ്പിച്ചിരിക്കുന്നവർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുമായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ജുവനൈൽ ഹോമുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അവിടെ പാർപ്പിച്ചിട്ടുള്ള അന്തേവാസി അവിടെ പാർപ്പിച്ചിട്ടുള്ള അന്തേവാസികൾക്ക് വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനും സൗകര്യം ചെയ്തിട്ടുണ്ട്. അന്തേവാസികളിൽ പഠിക്കുവാൻ മിടുക്കരായ കുട്ടികളെ തിരഞ്ഞെടുത്ത് അവരെ ബോർഡിംഗ് സൗകര്യത്തോടു കൂടിയുള്ള സാധാരണ സ്കൂളുകളിൽ ചേർത്ത് പഠിപ്പിച്ചു വരുന്നു. സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന വിവിധ തൊഴിൽ പരിശീലന യൂണിറ്റുകളിൽ നിന്നും അന്തേവാസികൾക്ക് അവരുടെ ഭാവി ജീവിതത്തിന് ഉതകുമാറ് തൊഴിൽ പരിശീലനവും നൽകുന്നു.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഫയലുകൾ അടിയന്തിരമായി തീർപ്പുകൽപ്പിക്കുന്നതിന് നടപടി

1 (3731) ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഓഫീസുകളിൽ തീർപ്പ് കൽപ്പിക്കാതെ ഫയലുകൾ കെട്ടിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവ തീർപ്പുകൽപ്പിക്കുന്നതിന് ജില്ല, താലൂക്ക്, വില്ലേജ് തലങ്ങളിൽ പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കുമോ ;

(സി) ഫയലുകൾ സമയബന്ധിതമായി തീർക്കുന്നതിന് പരമ്പരാഗതമായി നിലനിൽക്കുന്ന രീതി മാറ്റി തട്ടുകൾ കുറച്ച് എളുപ്പത്തിൽ തീർപ്പ് കൽപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly